മീഡിയാ സെന്റർ

ശബരിമല സന്നിധാനം

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ

12.01.2024

വാർത്താക്കുറിപ്പ് 01

**ജന്മനക്ഷത്രത്തിൽ ഡോ.കെ.ജെ യേശുദാസിന് നെയ്യഭിഷേകവും പ്രത്യേക വഴിപാടുകളും നടത്തി**

ഗാനഗന്ധർവ്വൻ ഡോ.കെ.ജെ. യേശുദാസിന്റെ ജന്മദിനത്തിൽ അദ്ദേഹത്തിനായി നെയ്യഭിഷേകവും പ്രത്യേക വഴിപാടുകളും നടത്തി. ജനുവരി 12 ന് വെള്ളിയാഴ്ച ഡോ.കെ.ജെ യേശുദാസ് ഉത്രാടം നക്ഷത്രം എന്ന പേരിൽ പുലർച്ചെ 3.15 ന് ഗണപതിഹോമവും രാവിലെ ഏഴിന് മുൻപായി നെയ്യഭിഷേകവും നടത്തി. 7.30 ന് ഉഷപൂജയ്ക്കൊപ്പം സഹസ്രനാമാർച്ചനയും ശനിദോഷനിവാരണത്തിനായി നീരാഞ്ജനവും നടത്തി.

ശതാഭിഷിക്തനാകുന്ന ഗാനഗന്ധർവ്വന് വേണ്ടി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നേതൃത്വത്തിലാണ് ജൻമനക്ഷത്രമായ ധനുമാസത്തിലെ ഉത്രാടം ദിനത്തിൽ കലിയുഗ വരദനായ അയ്യപ്പ സ്വാമിക്ക് പ്രത്യേക വഴിപാടുകൾ നടത്തിയത്.

എൺപത്തി നാല് വർഷങ്ങളുടെ സ്വരസുകൃതമായ ഡോ.കെ.ജെ യേശുദാസിന് ശതാഭിഷേക മംഗളങ്ങൾ നേർന്നാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രത്യേക വഴിപാടുകൾ പൂർത്തിയാക്കിയത്. ശബരിമല അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഒ.ജി.ബിജുവിന്റ ചുമതലയിലാണ് വഴിപാടുകൾ നടന്നത്. വഴിപാടുകളുടെ പ്രസാദം അമേരിക്കയിൽ കഴിയുന്ന അദ്ദേഹത്തിന് എത്തിക്കാനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

ശബരിമല അയ്യപ്പ സ്വാമിയെ ഉണർത്തുന്ന അയ്യപ്പസുപ്രഭാതവും ഉറക്കുന്ന ഹരിവരാസന സങ്കീർത്തനവും ശബരിമലയിൽ പൊഴിയുന്നത്

ഗാനഗന്ധർവ്വന്റെ സ്വരമാധുരിയിലാണ്. സംസ്ഥാന സർക്കാരും തിരുവിതാംകൂർ ദേവസ്വം ബോർഡും സംയുക്തമായി ഏർപ്പെടുത്തിയിട്ടുള്ള ഹരിവരാസന പുരസ്കാരത്തിന്റെ ആദ്യ സ്വീകർത്താവു കൂടിയാണ് ഡോ.കെ.ജെ.യേശുദാസ്.

## ശബരിമലയിലെ 13.01.2024 ലെ ചടങ്ങുകൾ

.............

പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ

3 ന്.... തിരുനട തുറക്കൽ.. നിർമ്മാല്യം

3.05 ന് .... പതിവ് അഭിഷേകം

3.30 ന് ...ഗണപതി ഹോമം

3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 11 മണി വരെയും നെയ്യഭിഷേകം

7.30 ന് ഉഷപൂജ

12 ന് 25 കലശാഭിഷേകം തുടർന്ന് കളഭാഭിഷേകം

12.30 ന് ഉച്ചപൂജ

1 മണിക്ക് നട അടയ്ക്കും

3 മണിക്ക് നട തുറക്കും

5 മണിക്ക് പ്രാസാദശുദ്ധി ക്രിയകൾ

6.30 ന് ദീപാരാധന

തുടർന്ന് പുഷ്പാഭിഷേകം

9.30 ന് അത്താഴ പൂജ

10.50ന് ഹരിവരാസനം സങ്കീർത്തനം പാടി 11മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

## മകരവിളക്ക് മഹോത്സവം : ജില്ലയിൽ ഒരുക്കങ്ങൾ പൂർത്തിയായി

* കുമളിയിൽ നിന്ന് കെ എസ് ആർ ടി സി ബസ് ഉച്ചയ്ക്ക് 1 മണി വരെ മാത്രം

* വള്ളക്കടവ് ചെക്ക്പോസ്റ്റ് വഴി പ്രവേശനം 2 മണിവരെ

ശബരിമല മകരവിളക്ക് ദർശനത്തിനായുള്ള  ഒരുക്കങ്ങൾ ജില്ലയിൽ പൂർത്തിയായി. പുല്ലുമേട് ,പരുന്തുംപാറ , പാഞ്ചാലിമേട് എന്നിവിടങ്ങളിലാണ് ദർശന സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളത്. കഴിഞ്ഞതവണത്തേക്കാൾ കൂടുതൽ ഭക്തരെ പ്രതീക്ഷിക്കുന്നുവെന്നും കുറ്റമറ്റ സംവിധാനങ്ങളാണ് ഇത്തവണ  ഒരുക്കിയിട്ടുള്ളതെന്നും  ജില്ലാ കളക്ടർ ഷീബ ജോർജ്ജ് അറിയിച്ചു. 1400 ഓളം പോലീസുകാരെയാണ് വിവിധ പോയിന്റുകളിലായി നിയോഗിക്കുക . വള്ളക്കടവിൽ നിന്ന് പുല്ലുമേട് ടോപ്പ് വരെ ഓരോ 2 കിലോമീറ്റർ ഇടവിട്ട് ആംബുലൻസ് ,മെഡിക്കൽ ടീമിന്റെ സേവനം  , 1 കിലോമീറ്റർ ഇടവിട്ട് കുടിവെള്ള സൗകര്യം എന്നിവ ഒരുക്കിയിട്ടുണ്ട്. ഐ സി യു  ആംബുലൻസ് , മെഡിക്കൽ ടീം  തുടങ്ങിയ സേവനങ്ങൾ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിലാണ് ലഭ്യമാക്കുക. പൊതുമരാമത്ത് വകുപ്പ് സുരക്ഷാ ബാരിക്കേഡ് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട് .  ഉപ്പുപാറ, പുല്ലുമേട് എന്നിവിടങ്ങളിൽ 5000 ലിറ്റർ വാട്ടർ ടാങ്കുകൾ  സ്ഥാപിക്കുന്ന ജോലി വാട്ടർ അതോറിറ്റി പൂർത്തിയാക്കി. കോഴിക്കാനത്ത് 2000 ലിറ്റർ വെള്ളം ശേഖരിക്കാൻ കഴിയുന്ന ടാങ്കും മറ്റ് സ്ഥലങ്ങളിൽ ചെറിയ ടാങ്കുകളും സ്ഥാപിക്കും .6 പോയിന്റുകളിൽ  അഗ്നിരക്ഷാ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട് . കോഴിക്കാനം മുതൽ പുല്ലുമേട് വരെ 14 കിലോമീറ്റർ വെളിച്ച സംവിധാനം  സജ്ജീകരിച്ചു.  ഭക്തർക്ക് മലയാളം ,തമിഴ് ,തെലുങ്ക് ,കന്നഡ ഭാഷകളിൽ  അറിയിപ്പുകൾ നൽകും . പുല്ലുമേട് ടോപ്പിൽ മിന്നൽരക്ഷാ സംവിധാനം തയ്യാക്കിയിട്ടുണ്ട് . കോഴിക്കാനം , പുല്ലുമേട് എന്നിവിടങ്ങളിൽ വനംവകുപ്പ് ഭക്തർക്കായി  കഫ്റ്റീരിയ സേവനം നൽകും.  മകരവിളക്ക് ദിവസം ബി എസ് എൻ എൽ പുല്ലുമേട്ടിൽ മൊബൈൽ സേവനം ഉറപ്പാക്കും .

കുമളിയിൽ നിന്ന് കെ എസ് ആർ ടി സി ബസുകൾ  ഉച്ചയ്ക്ക് 1 മണി വരെ മാത്രമാകും സർവീസ് നടത്തുക. 65 സർവീസുകളാണ്  നിലവിൽ പ്ലാൻ ചെയ്തിട്ടുള്ളത് , എന്നാൽ  ആവശ്യമെങ്കിൽ കൂടുതൽ ബസുകൾ എത്തിക്കും .വള്ളക്കടവ് ചെക്ക്പോസ്റ്റ് വഴി  ഉച്ചയ്ക്ക്  2 മണിവരെ മാത്രമെ  ഭക്തരെ പ്രവേശിപ്പിക്കുകയുള്ളൂ . ശബരിമലയിൽനിന്ന് പുല്ലുമേട്ടിലേക്ക് രാവിലെ 9 മുതൽ ഉച്ചയ്ക്ക് 2 വരെ മാത്രമേ യാത്ര ചെയ്യാൻ കഴിയൂ. വിളക്ക് കണ്ട് കഴിഞ്ഞ ശേഷം തിരികെ ശബരിമലയിലേക്ക് പോകാൻ അനുവദിക്കില്ല. അനിഷ്ട സംഭവങ്ങൾ ഒഴിവാക്കുന്നതിന് കർപ്പൂരം കത്തിക്കുന്നതടക്കമുള്ളവ പുല്ലുമേട്ടിൽ ഒഴിവാക്കണമെന്ന് കളക്ടർ അഭ്യർത്ഥിച്ചു.പ്ലാസ്റ്റിക് , നിരോധിത വസ്തുക്കൾ തുടങ്ങിയവ അനുവദിക്കില്ല.

വണ്ടിപ്പെരിയാർ പഞ്ചായത്ത് സ്റ്റേഡിയം ,വാളാടി ഗ്രൗണ്ട് എന്നിവിടങ്ങളിലാണ് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത് .

തമിഴ്നാട്ടിൽനിന്ന് ശബരിമല ദർശനത്തിനായി എത്തുന്ന ഭക്തർ കുമളിയിൽ നിന്ന് കമ്പംമേട് ,കട്ടപ്പന,കുട്ടിക്കാനം വഴി യാത്രചെയ്യേണ്ടതാണ്.

ശബരിമല മകരവിളക്ക് മഹോത്സവത്തിന്റെ ഒരുക്കവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ കുമളിയിൽ വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേർന്നു. ജില്ലാ പോലീസ് മേധാവി ടി കെ വിഷ്ണുപ്രദീപ് ,സബ് കലക്ടർ അരുൺ എസ് നായർ , വനംവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ കെ വി ഹരികൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു. യോഗത്തിന് ശേഷം കളക്ടറുടെ നേതൃത്വത്തിലുള്ള സംഘം പുല്ലുമേട് ,പരുന്തുംപാറ , പാഞ്ചാലിമേട് എന്നിവിടങ്ങൾ സന്ദർശിച്ചു.

## സംസ്ഥാന പോലീസ് മേധാവി ശനിയാഴ്ച ശബരിമല സന്ദർശിക്കും

മകരവിളക്ക് ഉത്സവവുമായി ബന്ധപ്പെട്ട സുരക്ഷാക്രമീകരണങ്ങൾ വിലയിരുത്താനായി സംസ്ഥാന പോലീസ് മേധാവി ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ് ശനിയാഴ്ച (ജനുവരി 13) ശബരിമല സന്ദർശിക്കും.

രാവിലെ ഒൻപതു മണിക്ക് നിലയ്ക്കലിൽ എത്തുന്ന അദ്ദേഹം മുതിർന്ന പോലീസ് ഉദ്യോഗസ്ഥരുടെ യോഗത്തിൽ പങ്കെടുക്കും. തുടർന്ന് പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ അവലോകന യോഗങ്ങളിലും സംബന്ധിക്കും. മൂന്നു കേന്ദ്രങ്ങളിലെയും സുരക്ഷാക്രമീകരണങ്ങൾ അദ്ദേഹം നേരിട്ടു വിലയിരുത്തും. ഉന്നത പോലീസ് ഉദ്യോഗസ്ഥരും അദ്ദേഹത്തോടൊപ്പം ഉണ്ടാകും.

## സുസജ്ജം ശബരിമല; മകരവിളക്കിന് വിപുലമായ ക്രമീകരണങ്ങൾ

മകരവിളക്ക് ദിവസം പമ്പയിൽ നിന്ന് പ്രവേശനം 11.30 വരെ

മകരവിളക്ക് മഹോത്സവവുമായി ബന്ധപ്പെട്ട അവസാനഘട്ട ഒരുക്കങ്ങളിലാണ് ശബരിമല. മകരവിളക്കുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായി അഡീഷണ ജില്ലാ മജിസ്ട്രേറ്റ് സൂരജ് ഷാജിയുടെയും സന്നിധാനം സ്പെഷ്യൽ ഓഫീസർ എസ്. സുജിത് ദാസിന്റെയും നേതൃത്വത്തിൽ വിവിധ

വകുപ്പുകളെ പങ്കെടുപ്പിച്ച് അവലോകന യോഗം ചേർന്നു. ഓരോ വകുപ്പുകൾക്കും നൽകിയിരിക്കുന്ന ചുമതലകളുടെ നിർവഹണ പുരോഗതി യോഗത്തിൽ വിലയിരുത്തി.

മകരവിളക്ക് ദിവസം 1.5 ലക്ഷം മുതല്  രണ്ട് ലക്ഷം പേരെയാണ് സന്നിധാനത്തും പരിസരപ്രദേശങ്ങളിലുമായി പ്രതീക്ഷിക്കുന്നത്. തിരക്ക് നിയന്ത്രിക്കുന്നതിനാവശ്യമായ എല്ലാ ക്രമീകരണങ്ങളും ഒരുക്കിയിട്ടുണ്ട്. നിലവിലുള്ള 2500 പോലീസുകാർക്ക് പുറമേ 250 ഉദ്യോഗസ്ഥർ കൂടി മകരവിളക്ക് സമയത്ത് സന്നിധാനത്തുണ്ടാകും. അതിന് പുറമേ 125 പേരടങ്ങുന്ന ബോംബ് സ്വാഡും റാപ്പിഡ് ആക്ഷൻ ഫോഴ്സും എന്.ഡി.ആർ.എഫ് സംഘവും പോലീസ് കമാൻഡോകളും സുരക്ഷയുറപ്പാക്കാൻ രംഗത്തുണ്ടാകും. മകരവിളക്ക് സമയത്ത് രണ്ട് ഷിഫ്റ്റുകളിലുമുള്ള പോലീസ് സേന ഡ്യൂട്ടിയിലുണ്ടാകും.

മകരവിളക്ക് ദിവസമായ  ജനുവരി 15 ന്  രാവിലെ 11.30 യ്ക്ക് ശേഷം പമ്പയിൽ നിന്ന് സന്നിധാനത്തേക്ക് ഭക്തരെ കയറ്റിവിടില്ല.

ഭക്തർക്ക് ആരോഗ്യ പ്രശ്നങ്ങൾ നേരിട്ടാൽ ഉടൻ തന്നെ സമീപത്തെ ആരോഗ്യ കേന്ദ്രത്തിലെത്തിക്കാൻ സ്ട്രക്ചർ ടീമിന്റെ സേവനം വിപുലപ്പെടുത്തും. കൂടുതൽ സ്ട്രക്ചറുകൾ ലഭ്യമാക്കുകയും ഏകോപനമുറപ്പാക്കുകയും ചെയ്യും. നിലവിൽ ഫയർഫോഴ്സ്, എൻ.ഡി.ആർ.എഫ്, ദേവസ്വം ബോർഡ്, അയ്യപ്പ സേവാ സംഘം തുടങ്ങിയവരാണ് സ്ട്രക്ചർ സേവനം ലഭ്യമാക്കാനായി രംഗത്തുള്ളത്.

സന്നിധാനത്തെയും പരിസരങ്ങളിലെയും ബാരിക്കേഡുകളുടെയും മറ്റും അറ്റകുറ്റപ്പണികൾ ശനിയാഴ്ചയോടെ പൂർത്തിയാക്കാൻ എ.ഡി.എം നിർദേശം നൽകി. അമിത വിലയീടാക്കി ഭക്തരെ ചൂഷണം ചെയ്യുന്നതൊഴിവാക്കാൻ ബന്ധപ്പെട്ട വകുപ്പുകൾ സംയുക്തമായി പരിശോധന നടത്തി നടപടികൾ ഊർജിതമാക്കും.

വനാതിർത്തികളിലും വനപ്രദേശത്തും സംയുക്ത പരിശോനകൾ ശക്തമാക്കും. എല്ലാ പോയിന്റുകളിലും കുടിവെള്ള ലഭ്യത ഉറപ്പാക്കും. ക്യൂവിൽ നിൽക്കുന്ന ഭക്തർക്കും മുടങ്ങാതെ കുടിവെള്ളം എത്തിക്കും. എല്ലാ പോയിന്റുകളിലും വിതരണം ചെയ്യുന്നതിനാവശ്യമായ ബിസ്കറ്റുകൾ സ്റ്റോക്ക് ചെയ്തിട്ടുണ്ട്. 77 ലക്ഷത്തിലധികം ബിസ്ക്കറ്റുകൾ ഇതിനായി ശേഖരിച്ചിട്ടുണ്ട്. വെളിച്ചക്കുറവുള്ള ഇടങ്ങളിൽ അടിയന്തരമായി ലൈറ്റുകൾ ക്രമീകരിക്കും.  മകരവിളക്ക്

ദർശനത്തിനായി സന്നിധാനത്തെ വിവിധ കെട്ടിടങ്ങളുടെ മുകളിൽ ഭക്തർ കയറുന്നത് കർശനമായി തടയും. അപകടസാഹചര്യം മുന്നിൽ കണ്ടാണ് നടപടി.

മകരവിളക്കുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങളുടെ സംയുക്ത പരിശോധന ദേവസ്വം സ്പെഷ്യൽ കമ്മീഷണറുടെ നേതൃത്വത്തിൽ 13 ശനിയാഴ്ച വൈകിട്ട് നടക്കും.

നിർദേശങ്ങൾ

*ഭക്തർ അനുവദനീയമായ സ്ഥലങ്ങളിൽ മാത്രം തമ്പടിക്കുക

*ഒരു കാരണവശാലും തമ്പടിക്കുന്ന സ്ഥലങ്ങളിൽ പാചകം ചെയ്യുകയോ തീ കത്തിക്കുകയോ പാടില്ല

*അനധികൃതമായി വനത്തിൽ പ്രവേശിക്കുന്നത് അപകടം വിളിച്ചു വരുത്തും. പാമ്പു കടി ഏൽക്കാനുള്ള സാധ്യത കൂടുതലാണ്

*മരക്കമ്പുകൾ വെട്ടുകയോ, മരങ്ങളിൽ കയറുകയോ ചെയ്യരുത്

*ഭക്ഷണം പാകം ചെയ്യുന്നതിനുള്ള സാമഗ്രികളുമായി എത്തുന്നത് കർശനമായി തടയും. അത്തരം സാമഗ്രികൾ പിടിച്ചെടുക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യും

*സന്നിധാനത്തെ ബന്ധപ്പെട്ട സ്ഥലങ്ങളിലെയും കടകളിൽ പാചകം ചെയ്യാൻ ഉതകുന്ന പാത്രങ്ങൾ വിൽക്കരുത്

മകരവിളക്ക് ദർശനത്തിനു ശേഷം ഭക്തർ തിരിച്ചിറങ്ങേണ്ട റൂട്ടുകൾ സംബന്ധിച്ചും പോലീസിന്റെ നേതൃത്വത്തിൽ കൃത്യമായ പദ്ധതി തയാറാക്കിയിട്ടുണ്ട്.

എക്സിറ്റ് റൂട്ടുകൾ

മകരവിളക്ക് ദർശനം കഴിഞ്ഞ് തിരികെ പോകുന്ന ഭക്തർക്കായി നാല് എക്സിറ്റ് റൂട്ടുകളാണ് നിശ്ചയിച്ചിട്ടുള്ളത്.

പാണ്ടിത്താവളം ജംഗ്ഷനിൽ നിന്ന് വലതുഭാഗത്ത് കൂടി താഴെ മാളികപ്പുറത്തേക്കുള്ള ഇറക്കം ഇറങ്ങി, അന്നദാന മണ്ഡപത്തിന്റെ പുറകിലൂടെ ബെയ്ലി പാലം കയറി ജീപ്പ് റോഡിലേക്ക് എത്തുന്നതാണ് ഒന്നാമത്തെ റൂട്ട്.

പാണ്ടിത്താവളം ജംഗ്ഷനിൽ നിന്ന് ഇടതുഭാഗത്തിലൂടെ ദർശന കോംപ്ലക്സിന്റെ താഴ്ഭാഗത്ത് കൂടി, കൊപ്രാക്കളം വഴി നടപ്പന്തലിന്റെ പിൻവശത്തു കൂടെ, കെ.എസ്.ഇ.ബി ജംഗ്ഷനിൽ എത്തി ജീപ്പ് റോഡിലേക്ക് പോകുന്നതാണ് രണ്ടാമത്തെ റൂട്ട്.

മൂന്നാമത്തെ റൂട്ട് മാളികപ്പുറം ഭാഗത്തുനിന്ന് പ്രധാന നടപന്തലിലൂടെയും ഫ്ലൈ ഓവറിലൂടെയും കെഎസ്ഇബി ജംഗ്ഷനിൽ എത്തി ജീപ്പ് റോഡിലേക്ക് പോകുന്നതാണ്.

വടക്കേ നടയുടെ പിൻഭാഗത്ത് ദർശനത്തിനായി നിൽക്കുന്നവർക്ക് ദേവസ്വം മെസ്സ് ഭാഗത്തുകൂടിയും ഭസ്മക്കുളം വഴിയും ബെയിലി പാലത്തിൽ എത്തി ജീപ്പ് റോഡിൽ എത്തുന്നതാണ് നാലാമത്തെ എക്സിറ്റ് റൂട്ട്.

ദേവസ്വം ബോർഡ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ എ.എസ്.ഒ ആർ. പ്രതാപൻ നായർ, ദേവസ്വം ചീഫ് വിജിലൻസ് & സെക്യൂരിറ്റി ഓഫീസർ ടി.കെ സുബ്രമണ്യൻ, എക്സിക്യൂട്ടീവ് ഓഫീസർ എച്ച്. കൃഷ്ണകുമാർ തുടങ്ങിയവർ പങ്കെടുത്തു.

## എല്ലാ ഭക്തർക്കും സുഖദർശനം ആശംസിച്ച് ശബരിമല തന്ത്രി കണ്ഠരര് മഹേഷ് മോഹനര്

മകരവിളക്ക് ദർശനത്തിനെത്തുന്ന എല്ലാ ഭക്തജനങ്ങൾക്കും സുഖദർശനം സാധ്യമാകട്ടെ എന്ന് ശബരിമല തന്ത്രി കണ്ഠരര് മഹേഷ് മോഹനര്. മകരവിളക്കുമായി ബന്ധപ്പെട്ട ചടങ്ങുകൾ ജനുവരി 13 വൈകിട്ട് മുതലാണ് ആരംഭിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

വൈകിട്ട് 5 ന് പ്രാസാദ ശുദ്ധിക്രിയകൾ നടക്കും.14ന് രാവിലെ ഉഷപൂജ കഴിഞ്ഞ് എട്ട് മണിയോടെ ബിംബ ശുദ്ധിക്രിയകൾ നടക്കും. മകരവിളക്ക് ദിവസമായ ജനുവരി 15 പുലർച്ചെ 2 കഴിഞ്ഞ് നട തുറന്ന് സംക്രമ പൂജ ആരംഭിക്കും. സംക്രമ സമയമായ 2.46 ന് പന്തളം കൊട്ടാരത്തിൽ നിന്ന് കൊണ്ടുവരുന്ന നെയ് ഉപയോഗിച്ച് വിശേഷാൽ നെയ് അഭിഷേകം നടത്തും. തുടർന്ന് പതിവ് പൂജകൾ തുടരും.ഉച്ചയ്ക്ക് നട അടയ്ക്കുകയും വൈകിട്ട് 5 ന് തുറക്കുകയും ചെയ്യും.

തുടർന്ന് തിരുവാഭരണ ഘോഷയാത്രയെ സ്വീകരിച്ച് സന്നിധാനത്തേക്ക് ആനയിക്കും. ആറരയോടെ തിരുവാഭരണം ചാർത്തി വിശേഷാൽ ദീപാരാധന നടക്കും. തിരുവാഭരണ വിഭൂഷിതനായ ഭഗവാൻ പ്രത്യേക ഭാവത്തിലേക്ക് മാറും. ദീപാരാധനയോട് അനുബന്ധിച്ചാകും പൊന്നമ്പലമേട്ടിൽ മകരജ്യോതി ദൃശ്യമാകുക.ശബരിമലയിലെ ഏറ്റവും പഴക്കംചെന്ന ഉത്സവമാണ് മകരവിളക്ക് ഉത്സവമെന്നും അദ്ദേഹം പറഞ്ഞു.

**ജ്യോതി ദർശനത്തിന് മണിക്കൂറുകൾ മാത്രം; ഭക്തർക്ക് സുഖദർശനമൊരുക്കാൻ പിഴവില്ലാത്ത ഏകോപനം**

പൊന്നമ്പലമേട്ടിൽ മകരജ്യോതി ദർശന പുണ്യത്തിന് മണിക്കൂറുകൾ മാത്രം അവശേഷിക്കെ പിഴവില്ലാത്ത ഏകോപനവുമായി ഭക്തലക്ഷങ്ങൾക്ക് സുഖദർശനമൊരുക്കാനുള്ള അവസാനഘട്ട ഒരുക്കങ്ങളിലാണ് ശബരിമല. സംസ്ഥാന സർക്കാരും ദേവസ്വം അധികൃതരും വിവിധ വകുപ്പ് ജീവനക്കാരും സന്നദ്ധ സംഘടനകളും ചേർന്ന് സമഗ്രമായ തയാറെടുപ്പുകളാണ് പൂർത്തിയാകുന്നത്. ശബരിമല അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് സൂരജ് ഷാജിയുടെയും സ്പെഷ്യൽ ഓഫീസർ സുജിത് ദാസിന്റെയും നേതൃത്വത്തിൽ മകരവിളക്കുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങൾ വിലയിരുത്തി. നേരത്തേ ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ്. പ്രശാന്തിന്റെ നേതൃത്വത്തിൽ മകരവിളക്കിനായി ഭക്തർ തമ്പടിക്കുന്ന പ്രദേശങ്ങൾ നേരിട്ട് സന്ദർശിച്ച് നിർദേശങ്ങൾ നൽകിയിരുന്നു. ജ്യോതി ദർശനത്തിനായി എത്തുന്ന ഭക്തർക്ക് എല്ലാവിധ സൗകര്യങ്ങളുമൊരുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് പൂർത്തിയാക്കുന്നത്.

മകരജ്യോതി ദർശനത്തിനായി പത്ത് വ്യൂ പോയിന്റുകളാണ് ക്രമീകരിച്ചിട്ടുള്ളത്. പാണ്ടിത്താവളം, വാട്ടർ ടാങ്കിന് മുൻവശം, മരാമത്ത് കോംപ്ലക്സിന് മുൻവശത്തെ തട്ടുകൾ, ബി എസ് എൻ എൽ ഓഫീസിന് വടക്ക് ഭാഗം, കൊപ്രാക്കളം, സന്നിധാനം തിരുമുറ്റം-മുകൾ ഭാഗവും

താഴെയും, മാളികപ്പുറം ക്ഷേത്ര പരിസരം, അപ്പാച്ചിമേട്, അന്നദാന മണ്ഡപത്തിനു മുൻവശം, ഇൻസിനറേറ്ററിനു മുൻവശം തുടങ്ങിയവയാണ് വ്യൂ പോയിന്റുകൾ. ഇവിടങ്ങളിൽ തമ്പടിക്കുന്ന ഭക്തരുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള എല്ലാ നടപടികളും പൂർത്തിയാക്കിയിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ ആവശ്യമായ പ്രകാശ ക്രമീകരണം ഏർപ്പെടുത്തും. ജനുവരി 14, 15 തീയതികളിൽ ഭക്തർക്കായി സൗജന്യഭക്ഷണ വിതരണവും ഏർപ്പെടുത്തിയിട്ടുണ്ട്. പതിവായി നടത്തുന്ന അന്നദാനത്തിനു പുറമേയാണിത്. ചുക്ക് വെള്ള വിതരണത്തിനായി 66 പോയിന്റുകൾ സജ്ജമാക്കിയിട്ടുണ്ട്. ഭക്തർക്ക് വിതരണം ചെയ്യുന്നതിനുള്ള ബിസ്കറ്റ് പാക്കറ്റുകളും ശേഖരിച്ചിട്ടുണ്ട്. കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

മകരജ്യോതി ദർശനത്തിനുള്ള വ്യൂ പോയിന്റുകളിലൊന്നായ കൊപ്രാക്കളത്തിൽ ഭക്തർക്ക് ജ്യോതി ദർശനം നടത്തുന്നതിനുള്ള ക്രമീകരണം ഒരുക്കും. കൂടുതൽ ജീവനക്കാരെ നിയോഗിച്ച് ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കും. ഭക്തജനങ്ങൾ കൂടുതലായി എത്തുന്ന മകരവിളക്ക് ദിവസങ്ങളിൽ ട്രാക്ടർ നീക്കത്തിനും നിയന്ത്രണമുണ്ടാകും. മാലിന്യനീക്കം സുഗമമായി നടത്തുന്നതിന് പ്രത്യേക ജാഗ്രത പുലർത്തുന്നു. ഈച്ച ശല്യം ഇല്ലാതാക്കുന്നതിനായി സ്പ്രെയിംഗ് ഊർജിതമാക്കിയിട്ടുണ്ട്. ഫോഗിംഗും വിവധ പ്രദേശങ്ങൾ അണുവിമുക്തമാക്കുന്നതിനും വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

സന്നിധാനത്ത് പുകവലിക്കുന്നത് കർശനമായി നിരോധിച്ചിട്ടുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾക്കെതിരേ കർശന നടപടിയുണ്ടാകും. ബാരിക്കേഡുകൾ കൃത്യമായ സ്ഥാപിച്ച് ഭക്തരുടെ സുരക്ഷ ഉറപ്പാക്കും. വനത്തിലൂടെ നുഴഞ്ഞു കയറി മല കയറുന്നത് തടയുന്നതിന് മുൻകരുതൽ ബോർഡുകൾ സ്ഥാപിക്കും. ഇഴജന്തുക്കളിൽ നിന്നും വിഷച്ചെടികളിൽ നിന്നും ജാഗ്രത പാലിക്കേണ്ടതാണ്. ഏതെങ്കിലും വിധത്തിലുള്ള ആരോഗ്യപ്രശ്നങ്ങളുണ്ടായാൽ അടിയന്തര ചികിത്സ ലഭ്യമാക്കുന്നതിനുള്ള എല്ലാ സജ്ജീകരണങ്ങളും സന്നിധാനത്ത് ഏർപ്പെടുത്തിയിട്ടുണ്ട്.

വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ഊർജിതമായ പ്രവർത്തനങ്ങളാണ് മകരവിളക്ക് ദർശനവുമായി ബന്ധപ്പെട്ട് പൂർത്തിയാക്കിയിരിക്കുന്നത്.

800 ബസുകളുമായി കെ.എസ്.ആർ.ടി.സി

മകരവിളക്കിന്റെ ഭാഗമായി ജനുവരി 15 ന് സംസ്ഥാനത്തെ വിവിധ ഡിപ്പോകളിൽ നിന്നുമായി 800 ബസ്സുകൾ പമ്പയിൽ എത്തിക്കും. മകരജ്യോതി ദർശനം കഴിഞ്ഞിറങ്ങുന്ന തീർത്ഥാടകർക്കായി കൂടുതൽ ചെയിൻ ദീർഘ ദൂര സർവ്വീസുകൾ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഇതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നതായി കെ എസ് ആർ ടി സി പമ്പ സ്പെഷ്യൽ ഓഫീസർ ടി. സുനിൽകുമാർ അറിയിച്ചു. പമ്പ ഹിൽ ടോപ്പുമുതൽ ഇലവുങ്കൽ വരെ നിശ്ചിത സ്ഥലങ്ങളിൽ പാർക്ക് ചെയ്യുന്ന ബസ്സുകൾ ഇടതടവില്ലാതെ സർവ്വീസ് നടത്തും. ഉത്സവേശേഷം നടയടക്കുന്ന ജനുവരി 20 ന് രാത്രി വരെ ചെയിൻ സർവ്വീസുകളും 21 ന് പുലർച്ചെ 4 മണി വരെ ദീർഘ ദൂര സർവ്വീസുകളും ഒരുക്കും.

നിലവിൽ പമ്പയിൽ നിന്ന് ആരംഭിക്കുന്ന ദീർഘദൂര ബസ്സുകൾ സീറ്റ് നിറഞ്ഞാൽ നിലക്കൽ സ്റ്റാൻഡിൽ കയറാതെയാണ് പോകുന്നത്. കൃത്യമായി ഇതുമായി ബന്ധപ്പെട്ട അനൗൺസ്മെന്റ് നടത്തിയാണ് ആളുകളെ കയറ്റുന്നത്. ഈ ബസുകളിൽ നിലക്കൽ സ്റ്റാൻഡിൽ നിന്നുള്ളവർക്ക് കയറണമെങ്കിൽ നിലക്കൽ-പമ്പ ചെയിൻ സർവീസ് നടത്തുന്ന ബസുകളിൽ കയറാം. കാര്യം ധരിപ്പിച്ചാൽ സൗജന്യമായി തന്നെ ചെയിൻ സർവീസ് നടത്തുന്ന ബസ്സിൽ കയറി താഴെ പ്രധാന റോഡിൽ എത്താം. അങ്ങനെ പമ്പയിൽ നിന്ന് വരുന്ന ദീർഘദൂര സർവീസുകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

ആരോഗ്യവകുപ്പ് സജ്ജം

മകരവിളക്ക് ഉത്സവമായ ബന്ധപ്പെട്ട് ആവശ്യമായ മുന്നൊരുക്കങ്ങൾ എല്ലാം ആരോഗ്യവകുപ്പും പൂർത്തിയാക്കിയിട്ടുണ്ട്. മകരവിളക്ക് ദർശനത്തിനായി എത്തുന്ന ഭക്തജന തിരക്ക് കണക്കിലെടുത്ത് സന്നിധാനത്തെ ആരോഗ്യ കേന്ദ്രത്തിനു പുറമേ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ കാര്യാലയത്തിന് സമീപം താൽക്കാലിക സംവിധാനവും ഒരുക്കും. ഇവിടെ ഒരു ഡോക്ടറുടെയും അനുബന്ധ ഉദ്യോഗസ്ഥരുടെയും സേവനമാണ് ഉണ്ടാവുക. ആരോഗ്യപ്രശ്നങ്ങൾ നേരിടുന്ന ഭക്തർക്ക് പ്രാഥമിക ചികിത്സ നൽകുന്നതിനുള്ള സംവിധാനമാണ് ഇവിടെ ഒരുക്കുക.നിലവിൽ സന്നിധാനത്ത് 12 ഡോക്ടർമാരുടെ സേവനമാണ് ലഭ്യമാക്കിയിട്ടുള്ളത്. ആവശ്യമായ മരുന്നും മറ്റു ക്രമീകരണങ്ങളും ഉറപ്പാക്കിയിട്ടുണ്ടെന്നും മെഡിക്കൽ ഓഫീസർ ഡോ.നിതിൻ തോംസൺ പറഞ്ഞു.

പ്രതിരോധമേകാൻ ഹോമിയോ

മകരവിളക്കിനോടനുബന്ധിച്ച് സുസജ്ജമാണ് ഹോമിയോപ്പതി വകുപ്പ്. നടപ്പന്തലിന്റെ തുടക്കത്തിൽ തന്നെ പ്രവർത്തിക്കുന്ന ഹോമിയോ ആശുപത്രിയിൽ മകരവിളക്കിന് മുന്നോടിയായി കൂടുതൽ മരുന്നുകളും എത്തിച്ചിട്ടുണ്ട്. രണ്ട് ഡോക്ടർമാരും രണ്ട് അറ്റൻഡർമാരും രണ്ട് ഫാർമസിസ്റ്റുകളും ഒരു പിടിഎസുമടക്കം ഏഴ് ജീവനക്കാരാണ് സേവനത്തിനുള്ളത്. ദിവസേന 100 മുതൽ 110 രോഗികൾ വരെ ചികിത്സ തേടിയെത്താറുണ്ടെന്ന് ചാർജ് ഓഫീസർ ഡോ. ദിലീപ് ചന്ദ്രൻ പറഞ്ഞു. മണ്ഡല മകരവിളക്ക് സീസൺ ആരംഭിച്ചതിനു ശേഷം ഇതുവരെ ഏഴായിരത്തിലധികം രോഗികളാണ് ഇവിടെ ചികിത്സ തേടിയത്. വൈറൽ പനി, അലർജി, ശ്വാസതടസം, വാതസംബന്ധമായ രോഗങ്ങൾ, ഛർദ്ദി, അതിസാരം തുടങ്ങിയ രോഗങ്ങൾക്കാണ് കൂടുതൽ രോഗികളുമെത്തുന്നത്. പത്ത് ദിവസം വീതമുള്ള എഴ് ഘട്ടങ്ങളായാണ് ഡോക്ടർമാരുടെ ഡ്യൂട്ടി ക്രമീകരിച്ചിട്ടുള്ളത്. സന്നിധാനത്ത് ഡ്യൂട്ടിയിലുള്ള ജീവനക്കാർക്ക് മൊത്തമായി പ്രതിരോധ മരുന്നുകൾ വിതരണം ചെയ്യുന്നുമുണ്ട്.

ആശ്വാസമായി ആയുർവേദം

മകരവിളക്കിനോടനുബന്ധിച്ച് സന്നിധാനത്ത് പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രിയിലും കൂടുതൽ മരുന്നുകൾ എത്തിച്ചിട്ടുണ്ട്. എട്ട് ഡോക്ടർമാരും അഞ്ച് തെറാപ്പിസ്റ്റുകളും നാല് ഫാർമസിസ്റ്റുകളും ആറ് സപ്പോർട്ടിംഗ് ജീവനക്കാരുമടക്കം ആകെ 23 പേരാണ് ഇവിടെ സേവനമനുഷ്ഠിക്കുന്നത്. നവംബർ 16 മുതൽ ജനുവരി 12 വരെയുള്ള കണക്ക് പ്രകാരം 57000 പേരാണ് ഇവിടെ ചികിത്സ തേടിയത്. ശ്വാസ തടസം, പനി, പേശീവേദന എന്നിവയ്ക്കായാണ് കൂടുതൽ രോഗികളുമെത്തുന്നതെന്ന് ചാർജ് ഓഫീസർ ഡോ. ശ്യം സുന്ദർ പറഞ്ഞു. ഇൻഫ്രാറെഡ് ഉപയോഗിച്ചുള്ള മസാജിംഗ് ചികിത്സയും പൂർണ്ണമായും സൗജന്യമായി ഇവിടെ ലഭിക്കും.

കുടിവെള്ളം ഉറപ്പാക്കും

മകരവിളക്ക് കണക്കിലെടുത്ത് സന്നിധാനത്തും മറ്റ് ബന്ധപ്പെട്ട പ്രദേശങ്ങളിലും ആവശ്യമായ കുടിവെള്ളം ഉറപ്പാക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ പുരോഗമിക്കുകയാണ്. ഹിൽടോപ്പിലും മറ്റ് സാധാരണയായി മകരവിളക്ക് ദർശനത്തിനായി ഭക്തർ ഒത്തുകൂടുന്ന സ്ഥലങ്ങളിലും കുടിവെള്ളം ഉറപ്പാക്കും. നിലക്കലിലെ തിരക്ക് പരിഗണിച്ച് പമ്പയിൽ

നിന്ന് കൂടുതൽ ടാങ്കറുകൾ അവിടെ എത്തിക്കമെന്നും അസിസ്റ്റന്റ് എൻജിനീയർ പ്രദീപ്കുമാർ പറഞ്ഞു.

പ്രത്യേക വെളിച്ച സംവിധാനങ്ങളൊരുക്കി കെ.എസ്.ഇ.ബി

ഈ വർഷത്തെ മണ്ഡല മകരവിളക്ക് ഉത്സവവുമായി ബന്ധപ്പെട്ട കെ.എസ്.ഇ.ബിയുടെ ഒരുക്കങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. തടസ്സമില്ലാതെ വൈദ്യുതി ഉറപ്പാക്കുക, ആവശ്യമായ ഇടങ്ങളിൽ വെളിച്ചം ക്രമീകരിക്കുക എന്നീ ചുമതലകളാണ് പ്രധാനമായും കെ.എസ്.ഇ.ബി നിർവഹിക്കുന്നത്.

മകരവിളക്ക് ദർശനത്തിനായി അയ്യപ്പഭക്തർ സാധാരണ തമ്പടിക്കുന്ന പാണ്ടിത്താവളം, ഒരുക്കുഴി ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഇതിനോടകം പ്രത്യേകം വെളിച്ചം ക്രമീകരിച്ചിട്ടുണ്ട്. ദേവസ്വം ബോർഡ് ആവശ്യപ്പെടുന്നത് പ്രകാരം കൂടുതൽ സ്ഥലങ്ങളിൽ വെളിച്ചം ഒരുക്കുമെന്ന് കെ.എസ്.ഇ.ബിയുടെ നോഡൽ ഓഫീസർ ആർ. ബിജുരാജ് പറഞ്ഞു. വൈദ്യുതിയുടെയും വെളിച്ചത്തിന്റെയും കാര്യത്തിൽ മകരവിളക്ക് പ്രമാണിച്ച് പ്രത്യേക ജാഗ്രതയാണ് പുലർത്തുന്നത്.

പരിശോധന ശക്തമാക്കി വനം വകുപ്പ്

മകരജ്യോതി ദർശനത്തിനായി വനാതിർത്തികളിൽ തമ്പടിക്കുന്ന തീർത്ഥാടകരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി വനം വകുപ്പ് രാത്രിയിൽ ഉൾപ്പെടെ പരിശോധന ശക്തമാക്കി. ഭക്തർ അനുവദനീയമായ പ്രദേശം വിട്ട് വനത്തിനുള്ളിലേക്ക് കയറുന്നുണ്ടെങ്കിൽ തടയും. ടെന്റ്, കുടിൽ കെട്ടാനുള്ള സാമഗ്രികൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങളുമായി വനത്തിൽ പ്രവേശിക്കുന്നത് കർശനമായി തടയുകയും സാമഗ്രികൾ പിടിച്ചെടുക്കുകയും ചെയ്യും.

സത്രം - പുല്ലുമേട് റൂട്ടിലെ ആർ.ആർ.ടി അംഗങ്ങളുടെ എണ്ണം 20 ആക്കി ഉയർത്തിയിട്ടുണ്ട്. എലഫന്റ് സ്ക്വാഡ് നിലവിൽ സജീവമായി തന്നെ രംഗത്തുണ്ട്. എമർജൻസി റെസ്ക്യൂ സർവീസും കാര്യക്ഷമമാണ്. സന്നിധാനത്ത് 120 പേരാണ് വനം വകുപ്പിൽ നിന്ന് ഡ്യൂട്ടിയിൽ ഉള്ളത്. ആവശ്യമെങ്കിൽ മറ്റ് അധിക ക്രമീകരണങ്ങൾ കൂടി എർപ്പെടുത്തും എന്ന് ശബരിമല സെക്ഷൻ ഓഫീസർ രാജീവ് രഘുനാഥ് പറഞ്ഞു.

അപകട സാഹചര്യങ്ങൾ ഒഴിവാക്കാൻ നിതാന്ത ജാഗ്രതയുമായി അഗ്നിശമനസേന

മകരവിളക്ക് ഉത്സവം പ്രമാണിച്ച് നിതാന്ത ജാഗ്രതയിലാണ് അഗ്നിശമനസേന. സന്നിധാന പരിസരത്തും മറ്റു ബന്ധപ്പെട്ട ഇടങ്ങളിലും എല്ലാം തീപിടുത്ത സാഹചര്യമൊഴിവാക്കാൻ കർശന പരിശോധനകളും നടപടികളുമാണ് സ്വീകരിക്കുന്നത്. സന്നിധാനത്തെ ഫയർ ഹൈഡ്രന്റകൾ പ്രവർത്തനസജ്ജമാണെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. പാചകവാതകം ഉപയോഗിക്കുന്ന സന്നിധാനത്തെ ഹോട്ടലുകളിലും ദേവസ്വം അനുബന്ധ സ്ഥാപനങ്ങളിലും സിലിണ്ടറുകളുടെ പരിശോധന ഇതിനോടകം നടത്തി. ഇതുമായി ബന്ധപ്പെട്ട് പരിശീലന ക്ലാസുകളും ബോധവൽക്കരണവും നൽകുന്നുണ്ട്.

കുഴഞ്ഞു വീഴുന്നവരെയും മറ്റ് ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നവരെയും ആരോഗ്യ കേന്ദ്രത്തിൽ എത്തിക്കാൻ 24 മണിക്കൂറും സജ്ജരായിരിക്കുന്ന സ്ട്രക്ചർ ടീമും അഗ്നിശമന സേനയുടെ കീഴിൽ സജീവമാണ്. സോപാനത്തും സന്നിധാനത്തും മരക്കൂട്ടം മുതൽ പാണ്ടിത്താവളം വരെയും ഇവരുടെ സേവനമുണ്ടാകും. പുല്ലുമേട്, സത്രം പോയിന്റുകളിൽ 10 വീതം ഉദ്യോഗസ്ഥരാണ് ഡ്യൂട്ടിയിലുള്ളത്. ആവശ്യമായ എല്ലാ ഉപകരണങ്ങളും ഇവിടെ ക്രമീകരിച്ചിട്ടുണ്ടെന്നും ഫയർഫോഴ്സ് സ്പെഷ്യൽ ഓഫീസർ അരുൺ ഭാസ്കർ പറഞ്ഞു. വിവിധ പോയിന്റുകളിലായി 259 പേരുടെ സേവനമാണ് മകരവിളക്ക് സമയത്ത് ഒരുക്കിയിരിക്കുന്നത്. ഇതിൽ സിവിൽ ഡിഫൻസ് വൊളണ്ടിയർമാരും ആപ്ത മിത്ര വൊളണ്ടിയർമാരും ഉൾപ്പെടുന്നു.

കർശന പരിശോധന

മകരജ്യോതി ദർശനത്തിനായി പർണ്ണശാല കെട്ടുന്ന സ്ഥലങ്ങളിൽ പരിശോധന കർശനമാക്കിയിട്ടുണ്ട്. ഇവിടെങ്ങളിൽ പാചകം ചെയ്യുന്നതിനും തീ കൂട്ടുന്നതിനും കർശന നിയന്ത്രണമുണ്ട്. ഇതുമായി ബന്ധപ്പെട്ട് പോലീസിന്റെ ബോധവത്കരണ അനൗൺസ്മെന്റുകളും നടത്തുന്നു. പചാകം ചെയ്യുന്നതിനുള്ള വലിയ പാത്രങ്ങൾ കടകളിൽ നിന്ന് നീക്കം ചെയ്യാൻ നിർദേശം നൽകിയിട്ടുണ്ട്. വ്യാപാര സ്ഥാപനങ്ങളിൽ സാധനങ്ങൾക്ക് അമിത വില ഈടാക്കുന്നതും മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട് ഡ്യൂട്ടി മജിസ്ട്രേറ്റിന്റെ നേതൃത്വത്തിലുള്ള സക്വാഡുകൾ സജീവമായി രംഗത്തുണ്ട്.

**അയ്യന് സംഗീതാർച്ചന അർപ്പിച്ച്  വനം വകുപ്പ് ഉദ്യോഗസ്ഥർ**



സന്നിധാനത്ത് വനം വന്യജീവി വകുപ്പ് ഉദ്യോഗസ്ഥർ സംഗീതാർച്ചന അർപ്പിച്ചു.  ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആർ.എസ് അരുണിന്റെ നേതൃത്വത്തിലാണ് പരിപാടി അവതരിപ്പിച്ചത്.

എക്കാലത്തെയും  പ്രിയപ്പെട്ട അയ്യപ്പഭക്തിഗാനങ്ങൾ കോർത്തിണക്കിയായിരുന്നു പരിപാടി. ആനയിറങ്ങും മാമലയിൽ, ഉദിച്ചുയർന്നു മാമലമേലേ, കണ്ണാടി ചില്ലോലും കണി പമ്പ, തുടങ്ങിയ ഒരുപിടി ഗാനങ്ങളാണ് അവതരിപ്പിച്ചത്. ഒടുവിൽ പള്ളിക്കെട്ട് ശബരിമലയ്ക്ക് എന്ന ഗാനത്തോടെയാണ് പരിപാടി അവസാനിപ്പിച്ചത്.

വനം വന്യജീവി വകുപ്പിലെ സംഗീത ട്രൂപ്പ് അംഗങ്ങളായ ഉദ്യോഗസ്ഥരാണ് സംഗീതാർച്ചനയുടെ ഭാഗമായത്. എല്ലാവർഷവും മകരവിളക്കിന് തൊട്ടുമുമ്പുള്ള ഏതെങ്കിലും ഒരു ദിവസമാണ് ഇവർ പരിപാടി അവതരിപ്പിക്കാറുള്ളത്.